പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
04-08-2014

## മുടങ്ങിക്കിടക്കുന്ന പൂയംകുട്ടി, ആതിരപ്പള്ളി, പാത്രക്കടവ് ജല വൈദ്യുത പദ്ധതികൾ സർക്കാർ പുനരാലോചിക്കണം - എം.എം.ഹസ്സൻ

കേരളത്തിന്റെ അതിഗുരുതരമായ ഊർജ്ജ പ്രതിസന്ധി തരണം ചെയ്യാനും കേരളത്തെ ഇരുട്ടിലേക്ക് തള്ളി വിടാതിരിക്കാനും ഇന്നലെകളിൽ പരിസ്ഥിതിയുടെയും മറ്റും പേര് പറഞ്ഞ് മുടങ്ങിക്കിടക്കുന്ന ജല വൈദ്യുത പദ്ധതികളായ പൂയംകുട്ടി, ആതിരപ്പള്ളി, പാത്രക്കടവ് എന്നിവ പുനഃരാരംഭിക്കാൻ ബോർഡ് തലത്തിലും സർക്കാർ തലത്തിലും സത്വര നടപടികൾ സ്വീകരിക്കണമെന്ന് കെപിസിസി വൈസ് പ്രസിഡന്റ് എം.എം.ഹസ്സൻ ആവശ്യപ്പെട്ടു. കുറഞ്ഞ ചിലവിൽ ജനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ ജല വൈദ്യുത പദ്ധതികൾ അത്യന്താപേക്ഷിതമാണ്.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻറ്റിയുസി) പട്ടം വൈദ്യുതിഭവനിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയാ യിരുന്നു അദ്ദേഹം. വൈദ്യുതി മേഖലയുടെ വികസനത്തിലൂടെ മാത്രമേ കേരളം വ്യാവസായികമായി മുന്നേറുകയുള്ളു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കെ.പി. ധനപാലൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കെപിസിസി വൈസ് പ്രസിഡന്റ് എൻ.പീതാംബരക്കുറുപ്പ്, കെപിസിസി ജനറൽ സെക്രട്ടറി ലതികാ സുഭാഷ്, കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ്, ഡിസിസി പ്രസിഡന്റ് കെ.മോഹൻ കുമാർ, കേരള പവ്വർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ആർ.ചന്ദ്രചൂഡൻ നായർ, പിഎസ്സി എംപ്ലോയീസ് അസ്സോസിയേഷൻ പ്രസിഡന്റ് എ.കെ.സാദിഖ്, കോൺഫെഡറേഷൻ ട്രഷറർ വി.ഗോപകുമാർ തുടങ്ങിയവർ സംസാരിച്ചു


സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578